## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2386** 17.08.2017-ന് മറുപടിയ്ക്ക്

## വനം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. പി.ടി.തോമസ്**
**ശ്രീ.വി.ടി.ബൽറാം**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനം കയ്യേറ്റം ഒഴിപ്പിക്കണമെന്ന് 04.09.2015-ൽ ബഹു.ഹൈക്കോടതി വനം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ എന്നറിയിക്കാമോ; എങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ലാന്റ് കൺസർവൻസി ആക്ട്, 1957, കേരള ഫോറസ്റ്റ് ആക്ട്, 1961 എന്നിവ പ്രകാരം കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും, 04.09.2015 ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.<br>ഇതനുസരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) കോടതി ഉത്തരവ് അനുസരിച്ച് 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാന പ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.<br>2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>3) ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ട് കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br>4) 04.09.2015 ലെ ബഹു. ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | വനം വകുപ്പ് നടത്തിയ കണക്കെടുപ്പനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് | | വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. |

കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| കൊല്ലം | | റാന്നി | 1.13 | 2.79223 |
| | | തെന്മല | 7.24 | 17.89004 |
| | | **ആകെ** | **18.96** | **46.85016** |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | **ആകെ** | **1727.2** | **4267.9112** |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.33584 |
| | | മലയാറ്റൂർ | 129.29 | 319.47559 |
| | | **ആകെ** | **276.33** | **682.81143** |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| പാലക്കാട് | | **ആകെ** | **3819.73** | **9438.55283** |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 913.62754 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.23042 |
| | | കാസർഗോഡ് | 0 | 0 |
| | | **ആകെ** | **1760.45** | **4350.07195** |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | **ആകെ** | **5.4061** | **13.3584731** |
| തൃശ്ശൂർ | വൈൽഡ് ലൈഫ് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കണ്ണൂർ | സർക്കിൾ, പാലക്കാട് | ആറളം | 0 | 0 |
| | | | | | **ആകെ** | 193.02 | 476.95242 |
| | | | | **ആകെ** | | 7801.1 | 19276.5181 |
| (സി) | ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ 280.4566 ഏക്കർ ഭൂമി തിരിച്ചു പിടിച്ചു. | | | | |

**സെക്ഷൻ ഓഫീസർ**